# മോശെ

**പാഠഭാഗം:** പുറ. 2,3, 4:1-16
**മനഃപാഠം:** എബ്രാ. 3:2
"മോശെ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തൻ ആയിരുന്നതുപോലെ യേശുവും തന്നെ നിയമിച്ചാക്കിയവനു വിശ്വസ്തനായിരുന്നു."
**ലക്ഷ്യം:**
ദൈവം തനിക്കുള്ളവരെ മുൻകൂട്ടി അറിയുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർ സാഹചര്യങ്ങളെ ശ്രദ്ധിക്കാതെ ദൈവത്തിനായി നിലകൊള്ളുന്നു എങ്കിൽ ദൈവം വലിയ കാര്യങ്ങൾ ചെയ്യാൻ അവരെ ഉപയോഗിക്കും. ദൈവിക നിയോഗത്തെ ചോദ്യംചെയ്യാതെ അനുസരിക്കുന്നവരെ ഒരു കാലത്തും അവൻ ലജ്ജിപ്പിക്കുകയില്ല.
**താക്കോൽവാക്യം:**
"ദൈവം നമ്മെ ലോകസ്ഥാപനത്തിനു മുൻപ് തിരഞ്ഞെടുത്ത് തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി മുൻനിയമിച്ചു" (എഫെ.1:4).

യാക്കോബും മക്കളും മിസ്രയീമിൽ (ഈജിപ്ത്) വന്നു, ഗോശെനിൽ പാർത്തശേഷം സമ്പത്തിലും ജനസംഖ്യയിലും വളരെ വർധിച്ചു അനുഗ്രഹീതരായി. പിതാക്കന്മാരുടെയും യോസേഫിന്റെയും കാലശേഷം നിലവിലിരുന്ന രാജകുടുംബത്തിന്റെ അധികാരസ്ഥാനം മറ്റൊരു വിഭാഗം കൈയടക്കി മറ്റൊരു ഫറവോ ഭരണം നടത്തുകയായിരുന്നു. ഇവർക്കു യോസേഫിനോടോ യിസ്രായേലിനോടോ പ്രതിപത്തിയില്ലായിരുന്നു. തങ്ങളെക്കാൾ യിസ്രായേല്യർ പ്രബലപ്പെടുന്നു എന്ന തോന്നലും അവർക്കു നീരസകാരണമായി. യിസ്രായേല്യരെ അടിമകളാക്കി ഊഴിയവേല ചെയ്യിച്ച് പീഡിപ്പിക്കാനാരംഭിച്ചു.

**മോശെയുടെ ജനനം (പുറ. 1:15; 2: 10; 4:14; 6:20; 15:21).**

ബിസി 1517-ാം ആണ്ടിനോടടുത്ത് ലേവി കുടുംബത്തിൽ കെഹാത്തിന്റെ പുത്രൻ അമ്രാം തന്റെ പിതാവിന്റെ സഹോദരിയായ യോഖെബേദിനെ വിവാഹം കഴിച്ചു. അവർക്കു മിര്യാം, അഹരോൻ,

# MOSES

**Bible Portion:** Exo. 2,3,4:1-6
**Memory verse:** Hebrews 3:2
"Christ Jesus; who was faithful to the one who appointed him, just as Moses was faithful in all God's house
**Purpose:**
God foresees and elects his people. God will use his people to do great works, if they stand in his name without looking circumstances. Those who obey Godly delegation without questioning will never be ashamed.
**Key verse:**
"According as he hath chosen us in him before the foundation of the world, that we should be holy and without blame before him in love"(Ephesians 1:4)

Jacob and his children came to Egypt; they stayed at Goshen and became greatly rich. Their population also increased a lot. After some years (after the time of Joseph) another pharaoh who did not know the family of Jacob came to power. (A new dynasty came to power overthrowing the existing dynasty that valued the service of Joseph) The new Pharaoh anxiously looked at the way Israelites were growing in strength and population. So he decided make them slaves and persecute the Israelites.

**Birth of Moses (Exo 1:15, 2:10, 4:14, 6:20, 15:21)**

Around BC 1517-Amram , the son of Kehath married his father's sister Jochebed. They had 3 children -Aaron, Miriam and Moses. God used these three to lead and uplift Israel.

The life of Moses can be divided into three spans.

1) 40 years - From the time of birth to his journey to Midian

മോശെ എന്നീ മൂന്നു മക്കൾ ജനിച്ചു. യിസ്രായേൽമക്കളുടെ ഉദ്ധാരണത്തിനും നേതൃത്വത്തിനുമായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു ഈ സഹോദരങ്ങൾ.

മോശെയുടെ ജീവിതത്തെ പ്രധാനമായും മൂന്നു കാലഘട്ടങ്ങളായാണു കാണുന്നത്:

1. ജനനം മുതൽ മിദ്യാനിലേക്കു പോകുന്നതു വരെയുള്ള 40 വർഷം; 2. മിദ്യാനിൽനിന്ന് യിസ്രായേൽമക്കളുടെ വിടുതലിനായി മിസ്രയീമിൽ മടങ്ങിയെത്തിയതുവരെ 40 വർഷം; 3. ദൈവിക നിയോഗ പ്രകാരമുള്ള ശുശ്രൂഷകളുടെ ശേഷിക്കുന്ന വർഷങ്ങൾ.

**1. ബാല്യം (പുറ: 2;2 – 10; അപ്പൊ. 7:23) (40 വർഷം മിസ്രയീമിൽ)**

അമ്രാമിനും യോഖെബേദിനും ഇളയപുത്രനായി മോശെ ജനിച്ച കാലത്ത് രാജകല്പനപ്രകാരം യിസ്രായേൽമക്കൾക്ക് ആൺകുഞ്ഞുങ്ങളെ വളർത്താൻ അനുവാദമുണ്ടായിരുന്നില്ല. എന്നാൽ, ശിശു ദിവ്യസുന്ദരനായിരുന്നതുകൊണ്ട് അമ്മയപ്പന്മാർ മൂന്നുമാസം അവനെ ഒളിപ്പിച്ചുവെച്ചു. അനന്തരം രാജകല്പനയെ ഭയപ്പെട്ട് ഒരു ഞാങ്ങണപ്പെട്ടകത്തിലാക്കി നീലനദിയിൽ ഇട്ടു. സഹോദരി മിര്യാം കുഞ്ഞിന് എന്തുസംഭവിക്കുമെന്ന് നോക്കിക്കൊണ്ടിരുന്നു. രാജാവിന്റെ പുത്രി കുളിക്കാനെത്തിയപ്പോൾ കുഞ്ഞിനെ കണ്ട് അതിനെ എടുത്തു തനിക്കായി വളർത്തി. ബാല്യവും യൗവനകാലം വരെയും (അപ്പൊ.7:22; എബ്രാ. 11: 25; പുറ. 2: 11 –15). മോശെ മിസ്രയീമിലെ സകലജ്ഞാനത്തിലും വാക്കിലും പ്രവൃത്തിയിലും സമർത്ഥനായി വളർന്നു. ദൈവജനത്തിനു തന്നെത്താൻ വെളിപ്പെടുത്തി. നാൽപതുവയസ്സായപ്പോൾ ഒരുദിവസം ഒരു എബ്രായനുവേണ്ടി ഒരു മിസ്രയീമ്യനെ വധിച്ചു. എങ്കിലും അവന്റെ സഹോദരന്മാർ അവനെ തള്ളിക്കളഞ്ഞു. മോശെ ഫറവോനാൽ കൊല്ലപ്പെടാതിരിക്കേണ്ടതിനു മിദ്യാനിലേക്ക് ഓടിപ്പോയി.

**യൗവനം, മോശെ മിദ്യാനിൽ (അടുത്ത 40 വർഷം)**

മിദ്യാന്യ പുരോഹിതനായ യിത്രോവിന്റെ മകൾ സിപ്പോറയെ വിവാഹംചെയ്ത മോശെ തുടർന്നുള്ള 40 വർഷം മരുഭൂമിയിൽ പലതരം പരിചയങ്ങളിലൂടെ കടന്നുപോയി. 80–ാം വയസ്സിൽ മരുഭൂമിക്കപ്പുറം ഹോരേബിൽ ആടുകളെ മേയിച്ചുകൊണ്ടിരുന്നപ്പോൾ കത്തുന്ന മുൾപ്പടർപ്പിൽ യഹോവ അവനു

2) 40 years – From the time of going from Midiam to Egypt for redeeming the people of Israel

3) 40 years – The rest of his life which he spent According to the will of God

**1. Childhood ( Exodus 2:2-10, Acts 7:23) ( 40 years in Egypt)**

Moses was the youngest son of Amram and Jochebed. During that time Israelites were not allowed to bring up male children born in their families. At the time of his birth Pharaoh ordered that all new born Hebrew male children must be cast in the River Nile. Jochebed, not having the heart to kill her son, hid him for the first three months. Thereafter, she placed him in a bulrush basket, made watertight with slime and pitch and floated it down the Nile while Miriam kept a watch from afar. Soon the basket was stuck in bulrushes growing near the riverbank. Pharaoh's daughter came to bathe at the riverbank. On hearing a baby's cry, she started looking around and found an infant lying in a weed basket. Moved by compassion, she took him home. As a son of a princess, Moses grew up among the splendor of Egyptian royal court, having the best of everything. His foster mother made sure that he received the best of education. Moses was instructed in all the wisdom of the Egyptians; and he was mighty in his words and works. (Acts 7:22, Heb 11:25; Exo 2:11-25). He revealed himself to his own people. Moses, at the age of 40 witnessed an Egyptian slave master mercilessly beating his Hebrew slave; almost to his death. Unable to control himself, he killed the Egyptian after making sure nobody saw him doing so. But his people did not accept Moses' leadership. Fearing Pharaoh's punishment, he fled to the desert of Midian

**2. At his youth (Moses in Midian -40 YEARS)**

Moses married Zipporah , the daughter of a Midianite priest called Jethro,. For the rest of 40 years Moses was in the wilderness . At the age of

പ്രത്യക്ഷനായി, യിസ്രായേലിനു നേതൃത്വം കൊടുക്കാൻ ആജ്ഞാപിച്ചു. മോശെ ഒഴിവുകഴിവുകൾ പറഞ്ഞു (വേദഭാഗത്തുനിന്നും കണ്ടുപിടിക്കുക) എങ്കിലും വാഗ്ദാനങ്ങൾ നൽകി ദൈവം അവനെ നേതൃത്വത്തിനായി പ്രോത്സാഹിപ്പിച്ചു.

**മോശെയ്ക്കായുള്ള ദൈവികവാഗ്ദാനങ്ങൾ**

1. ഞാൻ നിന്നോടുകൂടെ ഇരിക്കും (പുറ. 3:12).
2. ദൈവിക അധികാരം കൊടുത്തു (പുറ. 3: 13,14).
3. ജനം വിശ്വസിക്കാൻ തക്ക അടയാളങ്ങൾ നൽകി (പുറ. 4:8).
4. സ്വന്തം സഹോദരനെ (അഹരോൻ) സഹായത്തിനായി കൊടുത്തു.

**മോശെ മിസ്രയീമിലേക്കു തിരിച്ചുവരുന്നു (ജീവിതത്തിന്റെ മൂന്നാം ഘട്ടം)**

യഹോവയിൽ നിന്നും നിയോഗം പ്രാപിച്ച മോശെ തന്റെ സഹോദരനായ അഹരോനുമായി യിസ്രായേല്യരുടെ അടുക്കൽചെന്ന്, ഞങ്ങൾ ദൈവത്താൽ അയയ്ക്കപ്പെട്ടവരെന്നു കാണിക്കാൻ അവർ കാൺകെ അടയാളങ്ങൾ പ്രവർത്തിച്ചു, ജനത്തെ ബോധ്യപ്പെടുത്തി. അവർ ഫറവോന്റെ അടുക്കൽചെന്ന് ജനത്തെ വിട്ടയയ്ക്കാൻ അപേക്ഷിച്ചു. എന്നാൽ, വിട്ടയയ്ക്കുന്നതിനു പകരം, അവൻ അവരുടെ വേല കഠിനമാക്കി, ബുദ്ധിമുട്ടുകൾ വർധിപ്പിച്ചു. എന്നാൽ, മിസ്രയീമ്യരെ ബാധകളാൽ പീഡിപ്പിച്ച ദൈവം ജനത്തെ വിട്ടയയ്ക്കാനുള്ള വഴിയൊരുക്കി.

**അഭ്യാസം**

1. മോശെ എന്ന പേരിന്റെ അർഥം? മാതാപിതാക്കൾ, സഹോദരങ്ങൾ ആരൊക്കെ?
2. ദൈവപ്രത്യക്ഷതയിൽ ദൈവത്തോടു താൻ പറഞ്ഞ ഒഴിവുകഴിവുകൾ വേദഭാഗം സഹിതം എഴുതുക?
3. ദൈവികനിയോഗം മോശെയ്ക്കു വെളിപ്പെടുത്തിയ രീതി എങ്ങനെയായിരുന്നു?
4. നാമെല്ലാവരെയും ദൈവം ഈ ഭൂമിയിലാക്കുമ്പോൾ ഓരോ ഉദ്ദേശ്യത്തിനായി വിളിക്കപ്പെട്ടവരാണ്. നിങ്ങൾ ദൈവം വിളിച്ചാൽ എങ്ങനെ പ്രതികരിക്കും? (ടീച്ചറുടെ സഹായത്താൽ കണ്ടുപിടിക്കുക).

80 God spoke to Moses in a burning bush. God called Moses to lead and uplift Israel. After hearing all the excuses told by Moses God gave him many heavenly promises and encouragements to lead Israel. (Find out the excuses Moses made from the Bible portion).

**Promises that Moses received:**

1) I will be with you -Exodus 3:12
2) God gave him authority - Exodus 3:13,14
3) Blessed him with signs that people would believe - Exodus 4:8
4) Appointed Aaron his Elder brother to assist Moses.

3. Third Phase – Moses returns to Egypt

Moses being commissioned by God, returned to Egypt with his brother Aaron, did many miracles in front of Israel to make them believe that God had sent them. Then he approached Pharaoh, requesting him to let his people go because the God of Israel had demanded so. But instead of releasing the people he further increased their labour, oppressing them more. Then the Lord paved the way for the deliverance of Israel by affecting the Egyptians with plagues one after another.

**Exercises:**

1) Who are the father, mother and siblings of Moses? What is the meaning of the name Moses?
2) Explain with bible reference, the excuses told my Moses when God called him to lead Israel?
3) How was God's commissioning revealed to Moses? (The method by which God communicated with Moses to reveal His plan)
4) God created us for a special purpose , How you will react to his call?( For Discussion)